DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

16-05-2021

# കാർഷികമേഖലാവാർത്തകൾ

## 1. ഓൺലൈൻ കർഷകസംവാദ പരമ്പര

'ശാസ്ത്രജ്ഞർ കർഷകരോടൊപ്പം ഒരു മണിക്കൂർ' എന്ന ആശയത്തെ മുൻനിർത്തി മണ്ണുത്തി വെറ്ററിനറി കോളേജിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകസംവാദ പരമ്പരയിൽ ഇന്ന് 16-05-2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ "ആടുവളർത്തൽ അടിസ്ഥാന പാഠങ്ങൾ" എന്ന വിഷയത്തിൽ കേരള അഗ്രക്കൾച്ചർയൂണിവേഴ്സിറ്റി അസിസ്റ്റൻറ്റ് പ്രഫസർ ഡോ ഗിഗിൻ ടി സംവാദം നയിക്കുന്നതാണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെ മീറ്റിംങ്ങ് ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 9895213500.

## 2. കാർഷികരംഗം ലോക്കാകാതിരിക്കാൻ നടപടികളുമായി കൃഷിവകുപ്പ്

കോവിഡ് പശ്ചാത്തലത്തിൽ വീട്ടിലെ കൃഷിയിൽ താല്പര്യം ഏറി വരുന്നുണ്ട്. ലോക്ക്ഡൗൺ സമയത്ത് വീട്ടിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പലവിധ സഹായങ്ങളും കൃഷിവകുപ്പും അനുബന്ധസ്ഥാപനങ്ങളും ചെയ്യുന്നുണ്ട്. വീട്ടിലെ പച്ചക്കറി കൃഷിയെ കുറിച്ച് ഹ്രസ്വചിത്രങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയത് ബ്യൂറോയുടെ യൂട്യൂബ് ചാനലിലും വെബ്സൈറ്റിലും ( www.fibkerala.gov.in) ലഭ്യമാണ്. കർഷക സൗഹാർദ പരിപാടിയുടെ ഭാഗമായാണ് കൃഷി വകുപ്പ് ഈ സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. പച്ചമുളക് കൃഷി, മത്തൻ കൃഷി ,പടവല കൃഷി ,പാവയ്ക്ക കൃഷി ,കോവൽ കൃഷി ,വെള്ളരി കൃഷി ,മുരിങ്ങ കൃഷി, വെണ്ട കൃഷി, പയർ കൃഷി തുടങ്ങിയ പച്ചക്കറി വിളകളുടെ കൃഷിരീതികൾ വിശദീകരിക്കുന്ന വീഡിയോകളാണ് അപ് ലോഡ് ചെയ്തിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി ബന്ധപ്പെടുക. ഈ മെയിൽ fibtvm@gmail.com

## 3. അറിയിപ്പ്

ന്യൂനമർദ്ദവുമായി ബന്ധപ്പെട്ട മൃഗസംരക്ഷണമേഖലയിൽ എടുക്കേണ്ട മുൻകരുതലുകൾ താഴെ പറയുന്നു.

1. ആവശ്യത്തിനുള്ള കൈ തീറ്റ തീറ്റപ്പുല്ല് എന്നിവ സംഭരിച്ചു വെക്കുക
2. സുരക്ഷിതമല്ലാത്ത തൊഴുത്തുകളിൽ നിന്നും കന്നുകാലികളെ മാറ്റി പാർപ്പിക്കുക
3. കോഴിക്കൂടുകൾ കൂടുതൽ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി വെക്കുക

3. വൈദ്യുതി ലൈനുകൾ, മരച്ചില്ലകൾ എന്നിവ വീഴുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും ഉരുക്കളെ മാറ്റിനിർത്തുക

4. എന്തെങ്കിലും അപകടം ഉണ്ടായാൽ ഉടൻ തന്നെ സ്ഥലത്തെ വെറ്റിനറി ഡോക്ടറെയോ നിങ്ങൾക്ക് അടുത്ത അറിയാവുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെയോ വിവരം അറിയിക്കണം

5. ജില്ലാ ദുരന്തനിവാരണ അതോറിറ്റി പുറത്തിറക്കിയ മുൻകരുതൽ നടപടികൾ കർഷകർ പാലിക്കേണ്ടതാണ്

## 4. കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

കുടപ്പനക്കുന്ന് പഞ്ചായത്തിലെ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്നും നാൽപ്പത്തി അഞ്ച് മുതൽ എഴുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണെന്ന് കുടപ്പനക്കുന്ന് മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിക്കുന്നു. നാൽപ്പത്തഞ്ച് ദിവസം മുതൽ അറുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾക്ക് ഒന്നിന് നൂറ്റിപ്പത്ത് രൂപയും അറുപത്തി ഒന്നുമുതൽ എഴുപത് ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങൾക്ക് ഒന്നിന് നൂറ്റിയിരുപത് രൂപയും ആണ് വില. ബന്ധപ്പെടേണ്ട നമ്പറുകൾ ഇനിപ്പറയുന്നു.

8943984514

9544510139

## 5. വിള പരിപാലന നിർദ്ദേശങ്ങൾ

കുരുമുളക് ദ്രുത വാട്ടരോഗം കാണാനിടയുണ്ട് ഇതിന്റെ പ്രതിരോധത്തിനായി രണ്ട് കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻപിണ്ണാക്കും ആയി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിർത്തി 2.5 കിലോ കുരുമുളക് ചെടി ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക

.